**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1277** **30-08-2022 - ൽ മറുപടിയ്ക്ക്**

**ദേശീയപാതകളിലെ അറ്റകുറ്റപ്പണികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ദേശീയപാതകളിൽ യഥാസമയം അറ്റകുറ്റപണി നടത്താത്തതുമൂലം ജീവാപായം ഉണ്ടാകുന്ന തരത്തിൽ നിരവധി അപകടങ്ങൾ ഉണ്ടാകുന്നതിനാൽ അപകടരഹിതമായി സഞ്ചരിക്കത്തക്ക വിധത്തിൽ ദേശീയപാതകൾ പരിപാലിക്കാൻ സത്വര നടപടിയുണ്ടാകണമെന്ന് ദേശീയപാതാ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | NHAI യെ ഏൽപ്പിച്ചിട്ടുള്ള ദേശീയപാതയിൽ സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തുവാനും, ഫണ്ട് ലഭ്യമാക്കാനും പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗവും സംസ്ഥാന സർക്കാരും 2020 മുതൽ NHAI യ്ക്ക് നിരന്തരം കത്തുകൾ നൽകിയിട്ടുണ്ട്. ഇതു കൂടാതെ ദേശീയപാത അതോറിറ്റിക്ക് കൈമാറിയ സ്ട്രെച്ചുകളിൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് അറ്റകുറ്റപ്പണി നടത്തുന്നതിന് fixed amount per kilometer രീതിയിൽ തുക അനുവദിക്കണമെന്ന് ബഹു. കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ദേശീയപാതാ അതോറിറ്റി ടോൾ പിരിക്കുന്ന തൃശ്ശൂർ -അങ്കമാലി സെക്ടർ പാതകൾ ഗതാഗതയോഗ്യമല്ല എന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അഞ്ച് വർഷത്തിലൊരിക്കൽ നടത്തേണ്ട ഉപരിതലം പുതുക്കൽ പത്ത് വർഷമായിട്ടും നടത്തിയിട്ടില്ലെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത പാതയിലെ ടോൾ പിരിവ് നിർത്താനും അടിയന്തരമായി ഉപരിതലം പുതുക്കാനുമാവശ്യമായ നടപടി സ്വീകരിക്കാൻ ദേശിയപാതാ അതോറിറ്റിയോട് ആവശ്യപ്പെടുമോ; | (ബി) | പരിശോധിച്ച് നടപടി സ്വീകരിക്കാം. ദേശീയപാതയിലെ അറ്റകുറ്റപ്പണി നടത്തണമെന്ന് NHAI യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഹൈക്കോടതി വിധിയുണ്ടായിട്ടും അറ്റകുറ്റപ്പണിയിൽ ദേശീയപാത അതോറിറ്റി അലംഭാവം തുടരുന്നതായുള്ള ആക്ഷേപം പരിശോധനാ വിധേയമാക്കുമോ; | (സി) | പരിശോധിച്ച് നടപടി സ്വീകരിക്കാം. ദേശീയപാതയിലെ അറ്റകുറ്റപ്പണി നടത്തണമെന്ന് NHAI യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | ദേശീയപാതയിൽ അറ്റകുറ്റപ്പണി നടത്താൻ സംസ്ഥാനത്തിന് അധികാരമുണ്ടോയെന്ന് അറിയിക്കുമോ ? | (ഡി) | പൊതുമരാമത്ത് ദേശീയപാതയുടെ കീഴിൽ 548 കി.മീ. ദേശീയപാതയുണ്ട്. അവയുടെ അറ്റകുറ്റപണികളുടെ ചുമതല പൊതുമരാമത്ത് |

| | | | |
|---|---|---|---|
| | | | ദേശീയപാത വിഭാഗത്തിനാണ്. NHAI യ്ക്ക് കൈമാറിയ സ്ട്രെച്ചുകളിൽ അറ്റകുറ്റപ്പണിയുടെ ചുമതല ദേശീയപാത അതോറിറ്റിക്കാണ്. |

സെക്ഷൻ ഓഫീസർ